11. ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട്.

12. ഇൻഡോർ സ്റ്റേഡിയം, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

13. പുതിയ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.

14. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ്, തിരുവനന്തപുരം.

15. ജിനചന്ദ്ര സ്റ്റേഡിയം, വയനാട്.

16. ഇൻഡോർ സ്റ്റേഡിയം, പാലക്കാട്.

17. സ്പോർട്ട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ അക്കാഡമി, മലപ്പുറം.

കായിക രംഗത്തെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് സ്പെഷ്യൽ പാക്കേജ്

173 (6345) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായിക രംഗത്തെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് നിലവിലുള്ള സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമായി ഒരു സ്പെഷ്യൽ പാക്കേജിന് രൂപം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ ഏതൊക്കെ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത് ;

(സി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത് ;

(ഡി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായമായി എന്തു തുക ലഭ്യമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഇ) നവീകരണം നടക്കുന്ന ഏതൊക്കെ സ്റ്റേഡിയങ്ങളുടെ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

(എഫ്) സംസ്ഥാനത്ത് പുതുതായി ഏതൊക്കെ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ;

(ജി) ഇതിനായി ആകെ എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ ഏതൊക്കെ പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 35-മത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമായി 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി)

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം.
5. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി) തിരുവനന്തപുരം.
6. കാർഷിക കോളേജ്, ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം.
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം.
8. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ.
10. വി.കെ.എൻ. മേനോൻ, ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ.
11. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
12. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, കൊച്ചി.
13. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.
14. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.
15. തങ്കമ്മ സ്റ്റേഡിയം, പേരൂർക്കട.
16. വാട്ടർ അതോറിറ്റി നീന്തൽകുളം, തിരുവനന്തപുരം.

(സി) & (ഡി) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 400 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ കേന്ദ്ര സഹായമായി 220 കോടി രൂപ ആവശ്യപ്പെട്ടിട്ടുള്ളതിൽ 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 55 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) - (എച്ച്)

1. ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ,

2. ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ്, കോഴിക്കോട്.

3. പുതിയ ഇൻഡോർ സ്റ്റേഡിയം, പ്രെസ്സി ഹോസ്പ്പിറ്റൽ, കോഴിക്കോട്.

4. ഹോക്കി സ്റ്റേഡിയം, കൊല്ലം.

5. ഇൻഡോർ സ്റ്റേഡിയം, പോളിടെക്നിക് കോമ്പസ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

6. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം.

7. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ്, തിരുവനന്തപുരം

8. സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.

9. ജിനചന്ദ്രൻ സ്റ്റേഡിയം, വയനാട്.

10. ഇൻഡോർ സ്റ്റേഡിയം, പാലക്കാട്.

11. ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ്.

12. സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമി, മലപ്പുറം.

13. ഇൻഡോർ സ്റ്റേഡിയം, കോട്ടയം.

14. പനമ്പള്ളി നഗർ, സ്പോർട്സ് കോംപ്ലക്സ്, എറണാകുളം.

15. തൊടുപുഴ സ്റ്റേഡിയം

16. ഇൻഡോർ സ്റ്റേഡിയം, കൊല്ലം.

17. ജെ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയം, കാസർഗോഡ്.

മേൽപ്പറഞ്ഞ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നാഷണൽ ഗെയിംസിന്റെ ഭാഗമായി നിർമ്മിക്കുന്ന 6 സ്റ്റേഡിയങ്ങൾക്കായി 73.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു സ്റ്റേഡിയങ്ങളുടെ നിർമ്മാണം സംബന്ധിച്ച ചെലവ് കണക്കാക്കി വരുന്നതേയുള്ളു.

ഗ്രാമീണ മേഖലയിലെ കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

174 (6346) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ലഭ്യമാക്കിയാൽ, സ്റ്റേഡിയം നിർമ്മിക്കുന്നതിന്, സർക്കാരിന് എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly